# സാമ്രാജ്യത്വത്തിന്റെ ആഗോളഭരണം


**ആഗോളവൽക്കരണം അനിവാര്യമോ? (കഴിഞ്ഞ ലക്കം തുടർച്ച)**

## പുത്തൻ ലോകക്രമം

ഐഎംഎഫും ലോകബാങ്കും മറ്റും അടിത്തറയാക്കിക്കൊണ്ട് കെട്ടിപ്പടുത്ത ഈ സംവിധാനത്തിന് മുൻ അമേരിക്കൻ പ്രസിഡണ്ട് ബുഷും വാഷിങ്ടൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹെറിറ്റേജ് ഫൗണ്ടേഷൻ എന്ന വലതുപക്ഷ നയരൂപീകരണവേദിയും ചേർന്ന് നൽകിയ പേരാണ് 'പുത്തൻ ലോകക്രമം' . ഈ മൂലധനചലനം സുഗമമാക്കാൻ വേണ്ടി ധനികരാഷ്ട്രങ്ങൾ ചേർന്നു രൂപീകരിച്ച മുതൽ മുടക്കിനു വേണ്ടിയുള്ള ബഹുകക്ഷിക്കരാർ (എം.എ.ഐ) ആദ്യം ഒ.ഇ.സി.ഡി. (ധനികരുടെ സംഘടന)യുടെ മറവിലാണ് പ്രവർത്തിച്ചിരുന്നത്.

എന്നാൽ ഇപ്പോഴത് ലോകവ്യാപാരസംഘടനയുമായി ബന്ധിപ്പിച്ചു. ഇതിനെ ദക്ഷിണ രാഷ്ട്രങ്ങളുടെ സംഘടനയായ സൗത്ത് കമ്മീഷൻ കഠിനമായി വിമർശിക്കുന്നു. (ധനിക രാഷ്ട്രങ്ങളെ ഉത്തര രാഷ്ട്രങ്ങളെന്നും ബാക്കിയുള്ളവയെ ദക്ഷിണ രാഷ്ട്രങ്ങളെന്നും പൊതുവെ പറയുന്നു). ഈ നയങ്ങൾ മൂലം ലോകത്താകെ ധനിക-ദരിദ്ര വ്യത്യാസം വളരെ വേഗം വർദ്ധിക്കുന്നുവെന്ന് സൗത്ത് കമ്മീഷൻ സമർത്ഥിക്കുന്നു. ഏറ്റവും അവികസിതരായ സബ്സഹാറൻ രാഷ്ട്രങ്ങളെ ഇത് ദോഷകരമായി ബാധിക്കുമെന്ന് 1992ൽ തന്നെ യു.എൻ.ഡി.പി. പ്രവചിച്ചിരുന്നു. ഇവർ പ്രതീക്ഷിച്ച നഷ്ടം 120 കോടി ഡോളറായിരുന്നെങ്കിൽ യഥാർത്ഥ നഷ്ടം 50,000 കോടി ഡോളർ വരെയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ഇത് ഈ ദരിദ്രരാഷ്ട്രങ്ങൾക്ക് 'സഹായ'മെന്ന പേരിൽ ലഭിക്കുന്ന പണത്തിന്റെ പത്തിരട്ടിയാണ്.

ഓരോ രാജ്യത്തേയും വികസനത്തിനാവശ്യമായ മൂലധനം സ്വരൂപിക്കുന്നതിൽ ദേശരാഷ്ട്രങ്ങൾക്ക് ഇന്നും വലിയൊരു പങ്കുണ്ട്. എന്നാൽ സ്വന്തം നാട്ടിലെ നയങ്ങൾ രൂപീകരിക്കുന്നതിൽ ഇവർക്കുള്ള അധികാരം പടിപടിയായി



കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സംവിധാനത്തെ നിയന്ത്രിക്കുന്ന ബഹുരാഷ്ട്ര സ്ഥാപനങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്- അവയെല്ലാം നയരൂപീകരണം നടത്തുന്ന സമിതികളിൽ ധനിക രാഷ്ട്രങ്ങളുടെ പ്രതിനിധികളാണുള്ളത്. സാമ്പത്തികരംഗത്ത് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു മാത്രമാണ് ഇവർ ശ്രദ്ധിക്കുന്നത്. സ്വന്തം ദേശത്തിലെ ജനങ്ങളുടെ ക്ഷേമം വെട്ടിക്കുറക്കാനും തൊഴിൽ കമ്പോളം അരക്ഷിതമാക്കാനും ഇറക്കുമതിയും സാമ്പത്തികനയങ്ങളും ഉദാരമാക്കാനും ദരിദ്രരാഷ്ട്രങ്ങൾക്കുമേൽ സമ്മർദ്ദം ചെലുത്തുകയെന്നതാണ് ഈ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ ജോലി. സ്വന്തം രാജ്യത്തെ സൈന്യത്തിന്റെ വരെ സേവനം ഉപയോഗിച്ച് സാമ്രാജ്യത്വ രാജ്യങ്ങൾ തങ്ങളുടെ മൂലധനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നു. മൂന്നാംലോകരാജ്യങ്ങളോ? അവരും ധനികരാഷ്ട്രങ്ങളുടെ മൂലധന താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ തന്നെയാണ് ഭരണകൂടത്തിന്റെ ശേഷി വിനിയോഗിക്കുന്നത്. ഇതെല്ലാം പഴയ സാമ്രാജ്യത്വാധിപത്യ കാലത്തു നടന്നതിന്റെ പുതിയൊരു രൂപം മാത്രം. വീണ്ടും സാമ്രാജ്യത്വത്തിന് 'ആഗോളഭരണം' കിട്ടിയിരിക്കുന്നു.

ഇതിൽ നിന്നും ആഗോളവൽക്കരണമെന്നത് സ്വാഭാവികവും ഒഴിച്ചു കൂടാനാവാത്തതുമായ ഒരു പ്രതിഭാസമല്ലെന്നും വ്യക്തമായ ലക്ഷ്യത്തോടെ ആഗോളശക്തികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതിയാണെന്നും ബോദ്ധ്യമാകുന്നു. സാങ്കേതികമേന്മയും മറ്റും ഈ സത്യത്തെ മറച്ചുവയ്ക്കാനുള്ള ചില അടവുകൾ മാത്രം. മുമ്പ് മുതലാളിത്ത മൂലധന വികസനത്തിന് ന്യായീകരണം നൽകുന്നതിനു വേണ്ടി 'ആധുനികവൽക്കരണം, നവീകരണം, ഉൽബുദ്ധമാക്കൽ, വികസനം, സാങ്കേതികവിദ്യ, ഉൽപ്പാദനക്ഷമത' തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചതുപോലെ തന്നെയാണിത്. ഇത്രയേറെ മൂന്നാം ലോകരാജ്യങ്ങളിൽ ഉണ്ടായ തകർച്ചക്കു കാരണം, അതതിടത്തെ തകരാറാണെന്നും അതിന് ആഗോളവൽക്കരണത്തെ പഴിപറയേണ്ടതില്ലെന്നും വാദിക്കുന്നവർ ഇതെല്ലാം മറച്ചുവയ്ക്കുകയാണ്.